കേരള സർക്കാർ

# പിണ്ടിമന ഗ്രാമപഞ്ചായത്ത്

2016-17

ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.lfa.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്- 682030
ഫോൺ 0484 2422271
email:doekm.ksad@kerala.gov.in

നം.കെ.എസ്.എ.-ഇ കെ എം(പി.7)2105/17

തീയതി – 10.11.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പിണ്ടിമന ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പിണ്ടിമന ഗ്രാമപഞ്ചായത്ത്- 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പിണ്ടിമന ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെയും ഭാഗം 3 ലെയും ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

.

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം
3)കാര്യാലയ പകർപ്പ്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്- 682030
ഫോൺ 0484 2422271
email:doekm.ksad@kerala.gov.in

നം.കെ.എസ്.എ.-ഇ കെ എം(പി.7)2105/17

തീയതി – 10.11.2017

## എറണാകുളം ജില്ലയിലെ പിണ്ടിമന ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ പിണ്ടിമന ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 03.02.2017 മുതൽ 26.09.2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചിട്ടുണ്ട്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റ് സമയത്ത് 11 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്കുള്ള മറുപടി പരിഗണിച്ചശേഷമാണ് പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്വമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | എസ്.വിജയകുമാർ, ഡെപ്യൂട്ടി ഡയറക്ടർ |

.

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 27-09-2017 മുതൽ 09-10-2017 വരെ | ശ്രീ. മൈക്കിൾ കെ.എ., ഓഡിറ്റ് ഓഫീസർ |
| | ശ്രീ. വിജു എം.എസ്., സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. പ്രവീൺ വി.എൻ., ഓഡിറ്റർ |

### (ബി) നിർവ്വഹണാധികാരികൾ

| | പേര് | കാലയളവ് | |
|---|---|---|---|
| പ്രസിഡന്റ് | ശ്രീ.ജെയ്സൺ ഡാനിയേൽ | 01.04.2016 | 31.3.2017 |
| സെക്രട്ടറി | ശ്രീ സലിം.കെ.എം | 01.04.2016 | 31.3.2017 |

മറ്റ് നിർവ്വഹണാധികാരികൾ

| | | | |
|---|---|---|---|
| 1 | കൃഷി ഓഫീസർ | ശ്രീ.ജിജി ജോബ് | 01.04.2016 മുതൽ 31.03.2017 വരെ |
| 2 | വെറ്ററിനറി സർജൻ | ഡോ.ആർ ഷൈജു | 01.04.2016 മുതൽ 31.03.2017 വരെ |
| 3 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി ഷൈല കെ.കെ. | 01.04.2016 മുതൽ 02.12.2016 വരെ |
| 4 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി ലിജി.പി.എ | 03.12.2016 മുതൽ 31.03.2017 വരെ |
| 5 | മെഡിക്കൽ ഓഫീസർ, (പി.എച്ച്.സി.) | ഡോ.ആസിഫ | 01.04.2016 മുതൽ 31.03.2017 വരെ |
| 6 | മെഡിക്കൽ ഓഫീസർ (ആയൂർവേദം). | ഡോ.മിനി.സി.ആർ | 01.04.2016 മുതൽ 31.03.2017 വരെ |
| 7 | മെഡിക്കൽ ഓഫീസർ ഹോമിയോ) | ഡോ.സുമ വർഗ്ഗീസ് | 01.04.2016 മുതൽ 31.03.2017 വരെ |
| 8 | ഹെഡ്മിസ്ട്രസ്, | ശ്രീമതി. പാത്തുമ്മബിവി | 01.04.2016 മുതൽ 31.03.2017 വരെ |
| 9 | അസിസ്റ്റന്റ് എൻജിനീയർ | ശ്രീ.ബോബി ഈപ്പൻ | 01.04.2016 മുതൽ 31.03.2017 വരെ |
| 10 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.ഡേവിഡ്.കെ.എ | 01.04.2016 മുതൽ 31.03.2017 വരെ |
| 11 | അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.ജയശ്രീ.ആർ | 01.04.2016 മുതൽ 3.01.2017 വരെ |
| 12 | അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.ഡാർലിമോൾ ചെറിയാൻ | 04.01.2017മുതൽ 31.03.2017 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം -1 | ഖണ്ഡിക നമ്പർ |
|---|---|---|
| | പൊതു അവലോകനം | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം) | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | ഓഡിറ്റ് ഇംപാക്ട് -ഓഡിറ്റ് എൻക്വയറിയുടെ അടിസ്ഥാനത്തിൽ 10,866/- രൂപ അടവാക്കി | 1-12 |
| | ഭാഗം 2 | |
| 13 | വാണിജ്യാവശ്യത്തിനുള്ള കെട്ടിടം വിഭജിച്ച് വസ്തുനികുതി നിർണ്ണയിച്ചത് മൂലം നഷ്ടം | 2-1 |
| 14 | വസ്തു നികുതി ഈടാക്കാത്തത് | 2-2 |
| | ഭാഗം 3 | |

| | | |
|---|---|---|
| 15 | സെന്റേജ് ചാർജ് അധികമായി നല്കി -നഷ്ടം 7923/-രൂപ | 3-1 |
| 16 | വക്കീൽ ഫീസ് നല്കിയപ്പോൾ നിയമാനുസൃതമായ ആദായ നികുതി ഈടാക്കിയില്ല | 3-2 |
| 17 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല | 3-3 |
| 18 | മരുന്ന് വാങ്ങൽ -ന്യൂനതകൾ | 3-4 |
| ഭാഗം4 | | |
| പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 19 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 20 | ഡെപ്പോസിറ്റ് വർക്കിന് നല്കിയ തുകയുടെ വിവരം | 4-2 |
| 21 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 22 | വായ്പ / വായ്പാ തിരിച്ചടവ് | 4-4 |
| 23 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 24 | ഓഡിറ്റ് റിക്കവറി | 4-6 |
| 25 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 26 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 27 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-9 |
| | അനുബന്ധങ്ങൾ | |
| 28 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം1 |
| 29 | ഓഡിറ്റുചെയ്ത ബാലൻസ് ഷീറ്റിന്റെ പകർപ്പ് | അനുബന്ധം 2 |
| 30 | ഓഡിറ്റുചെയ്ത ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിന്റെ പകർപ്പ് | അനുബന്ധം 3 |
| 31 | ഓഡിറ്റുചെയ്ത റസീപ്റ്റ് & പേമെന്റ് അക്കൗണ്ടിന്റെ പകർപ്പ് | അനുബന്ധം 4 |


.

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 01.03.2016 തീയതിലെ 1ാം നമ്പർ കമ്മറ്റി തീരുമാന പ്രകാരം പഞ്ചായത്ത് സമിതി യോഗം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 6,13,36,857 (മുൻബാക്കി ഉൾപ്പെടെ) | 5,67,25,263 |
| വാർഷിക കണക്ക് പ്രകാരം (വരവു ചെലവു പത്രിക പ്രകാരം) | 2,88,92,232 | 2,71,77,414 |

ഇ.എഫ്.എം.എസ് മുഖേന MGNREGS, Bഫണ്ട് എന്നീ ഇനങ്ങളിൽ നടന്നിട്ടുള്ള 3,08,93,156 രൂപയുടെ

വരവുചെലവുകൾ വരവു ചെലവു പത്രിക പ്രകാരമുള്ള വാർഷിക കണക്കിൽ ഉൾപ്പെടുന്നില്ല. ഇവയുൾപ്പെടെയുള്ള കണക്കു നോക്കിയാൽ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവുചെലവുകളും യഥാർത്ഥ വരവുചെലവുകളും തമ്മിൽ കാര്യമായ വ്യത്യാസം ഇല്ലന്ന് കാണാം.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.7.2017 | 21.7.2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

വാർഷിക കണക്കുകൾ പരിശോധിച്ചതിൽ ന്യൂനതകൾ ഒന്നും ശ്രദ്ധയിൽ പെട്ടിട്ടില്ല.

ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഓഡിറ്റ് ചെയ്ത ബാലൻസ് ഷീറ്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് & പേമെന്റ് അക്കൗണ്ട് എന്നിവ അനുബന്ധമായി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 68,92,409 |
| വരവ് | 2,88,92,232 |
| ആകെ | 3,57,84,641 |
| ചെലവ് | 2,71,77,414 |
| നീക്കിയിരിപ്പ് | 86,07,227 |

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | അലോട്ട്മെന്റ് | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| വികസനഫണ്ട് - പൊതുവിഭാഗം | 78,54,682 | 60,75,556 | 77.34 |
| വികസനഫണ്ട് - എസ്.സി.പി. | 29,93,781 | 19,89,479 | 66.45 |
| വികസനഫണ്ട് - ടി.എസ്.പി. | 13,446 | 13,446 | 100 |
| സംരക്ഷണ ഗ്രാന്റ് - റോഡ് | 48,58,437 | 14,20,787 | 29.24 |
| സംരക്ഷണ ഗ്രാന്റ് - നോൺ റോഡ് | 25,54,755 | 13,79,723 | 54 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 44,05,054 | 22,31,568 | 50.65 |
| പെർഫോമൻസ് ഗ്രാന്റ് | 23,51,412 | 17,17,697 | 73 |
| ബി. ഫണ്ട് | 2,14,68,925 | 2,14,68,925 | 100 |
| എം.ജി.എൻ.ആർ. ഇ.ജി.എസ്. | *6,41,086 (മുന്നിരിപ്പ്ഉൾപ്പെടെ)* | 6,40,782 | 304 (നീക്കിയിരിപ്പ് രൂ.) |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം | പദ്ധതി | നടപ്പാക്കിയത് | പദ്ധതി | ഭാഗികമായി | നടപ്പാ | പൂർത്തീ |
|---|---|---|---|---|---|---|

| ലഭിച്ചത് (എണ്ണം) | അടങ്കൽ | (എണ്ണം) | ചെലവ് | നടപ്പാക്കിയത് (എണ്ണം) | ക്കാത്തവ (എണ്ണം) | കരിച്ചത്- ശതമാനം |
|---|---|---|---|---|---|---|
| 136 | 3,51,16,284 | 91 | 1,74,24,610 | - | 45 | 67 |

# 1-7 തനത് വരുമാനം

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് 2016-17 സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 31.34 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+/-) |
|---|---|---|---|---|
| നികുതി വരവുകൾ | 30,25,470 | 44,36,760 | 14,11,290 | 46.64 |
| നികുതിയേതര വരവുകൾ | 4,91,342 | 4,99,720 | 8,378 | 1.70 |
| മറ്റ് വരവുകൾ | 2,73,917 | 42,598 | (-) 2,31,319 | (-) 84.44 |
| ആകെ | 37,90,729 | 49,79,078 | 11,88,349 | 31.34 |

.

# 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 62,880 | 41 |
| കർഷകതൊഴിലാളി പെൻഷൻ | 8,96,860 | 107 |
| വിധവാപെൻഷൻ | 50,31,460 | 492 |
| വാർദ്ധക്യകാലപെൻഷൻ | 1,35,21,465 | 1392 |
| വികലാംഗപെൻഷൻ | 16,83,700 | 178 |
| 50 വയസ്സ് കഴിഞ്ഞവർക്ക് അവിവാഹിതപെൻഷൻ | 1,62,560 | 14 |
| വിവാഹധനസഹായം (വിധവകളുടെ പെൺമക്കൾക്ക്) | 90,000 | 3 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05.10.17 ന് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6,214/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണം

പഞ്ചായത്തിന്റെ ഫ്രണ്ട് ഓഫീസ് സംവിധാനം നന്നായി പ്രവർത്തിക്കുന്നുണ്ട്. 2016-17 കാലയളവിൽ ISO-9001 സർട്ടിഫിക്കേഷൻ പഞ്ചായത്തിന് ലഭിച്ചിട്ടുണ്ട് കൂടാതെ നികുതികൾ ഇ-പേയ്മെന്റ് വഴി പഞ്ചായത്തിൽ അടവാക്കുന്നതിനുള്ള സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്. 01.03.2016 മുതൽ പഞ്ചായത്ത് കമ്മിറ്റി മിനിറ്റ്സ് സകർമ്മ സോഫ്റ്റ് വെയർ വഴി നടപ്പിലാക്കി.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.09.2017 | 8/2017 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 17.4.2008 മുതൽ 30.4.2008 വരെ | 1997-98 മുതൽ 2007-08 വരെ | 08.07.2008 |

.

## 1-12 ഓഡിറ്റ് ഇംപാക്ട് -ഓഡിറ്റ് എൻക്വയറിയുടെ അടിസ്ഥാനത്തിൽ 10,866/- രൂപ അടവാക്കി

തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 6 പ്രകാരം രസീത് ബുക്ക് നം. 1431 ലെ രസീത് നം. 25, 30, 40, 53/5.10.17,6.10.17 പ്രകാരം 10,000/- രൂപയും, പ്രവൃത്തിക്ക് കരാറുകാരന് അധികം നൽകിയ തുക സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നല്കിയതിനെത്തുടർന്ന് രസീത് ബുക്ക് നം. 1431 ലെ രസീത് നം. 54/7.10.17 പ്രകാരം 866/- രൂപയും പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടുണ്ട്.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാണിജ്യാവശ്യത്തിനുള്ള കെട്ടിടം വിഭജിച്ച് വസ്തുനികുതി നിർണ്ണയിച്ചതു മൂലം നഷ്ടം

തദ്ദേശ സ്വയംഭരണ (ആർ.ഡി)വകുപ്പിന്റെ 14-01-11ലെ സർക്കാർ ഉത്തരവ് (അച്ചടി) 19/2011 ത.സ്വ.ഭ.വ നമ്പർ ഉത്തരവിന് വിധേയമായി പഞ്ചായത്ത് വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് തറവിസ്തീർണ്ണം 100 ചതുരശ്ര മീറ്റർ വരെയുള്ളതിന് ചതുരശ്രമീറ്ററിന് 50/-രൂപയായും 100 ചതുരശ്ര മീറ്ററിന് മുകളിലുള്ളതിന് ചതുരശ്രമീറ്ററിന് 60/-രൂപയായും വസ്തുനികുതി നിരക്ക് നിശ്ചയിച്ചിട്ടുണ്ട്.എന്നാൽ ശ്രീ. കോര, വാലയിൽ, പിണ്ടിമന എന്ന വ്യക്തിയുടെ ആകെ 277.37 ചതുരശ്ര മീറ്റർ തറ വിസ്തീർണ്ണമുള്ള വാണിജ്യ ആവശ്യത്തിനുള്ള കെട്ടിടത്തെയും ശ്രീമതി ജെസ്സി സാജു, പുന്നക്കൽ, പിണ്ടിമന എന്ന വ്യക്തിയുടെ ആകെ 256.11ചതുരശ്ര മീറ്റർ തറ വിസ്തീർണ്ണമുള്ള വാണിജ്യ ആവശ്യത്തിനുള്ള കെട്ടിടത്തെയും വിവിധ കടമുറികളായി വിഭജിച്ച് നികുതി നിർണയിക്കുകയും അവയ്ക്ക് 100 ചതുരശ്ര മീറ്ററിന് താഴെ തറ വിസ്തീർണമുള്ള കെട്ടിടങ്ങൾക്ക് ബാധകമായ ചതുരശ്രമീറ്ററിന് 50/-രൂപ പ്രകാരമുള്ള നികുതി നിരക്ക് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നമ്പരും കെട്ടിട നമ്പരും | കെട്ടിടത്തിന്റെ വിസ്തൃതി (ച.മീ.) | നിർണയിച്ച നികുതി (അർഹതപ്പെട്ട വർദ്ധന/ഇളവ് ഉൾപ്പെടെ) (ച.മീറ്ററിന് 50 രൂപാ നിരക്കിൽ) | നിർണ്ണയിക്കേണ്ട നികുതി അർഹതപ്പെട്ട വർദ്ധന-ഇളവ് ഉൾപ്പടെ (ച.മീ.ന് 60 രൂപ നിരക്കിൽ) | കുറവ് |
|---|---|---|---|---|---|
| 1 | 2/255A | 23.07 GF | 1385 (+20%റോഡ്) | 1662 (+20%റോഡ്) | 277 |
| | 2/263A | 46.49 FF | 2651 (+20%റോഡ്, -5% 1ാം നില) | 3181 (+20%റോഡ്, -5% 1ാം നില) | 530 |

| | | | | | |
|---|---|---|---|---|---|
| | 2/263B | 46.49 FF | 2651 (+20%റോഡ്, -5% 1ാം നില) | 3181 (+20%റോഡ്, -5% 1ാം നില) | 530 |
| | 2/263C | 46.49 FF | 2651 (+20%റോഡ്, -5% 1ാം നില) | 3181 (+20%റോഡ്, -5% 1ാം നില) | 530 |
| | 2/263D | 54.35 FF | 3098 (+20%റോഡ്, -5% 1ാം നില) | 3719 (+20%റോഡ്, -5% 1ാം നില) | 621 |
| | 2/263E | 60.48 FF | 3448 (+20%റോഡ്, -5% 1ാം നില) | 4138 (+20%റോഡ്, -5% 1ാം നില) | 690 |
| 2 | 7/372A | 64.96 GF | 3898 (+20%റോഡ്) | 4678 (+20%റോഡ്) | 780 |
| | 7/372B | 30.55 GF | 1833 (+20%റോഡ്) | 2200 (+20%റോഡ്) | 367 |
| | 7/372C | 21.43 GF | 1286 (+20%റോഡ്) | 1543 (+20%റോഡ്) | 257 |
| | 7/372D | 40.03 GF | 2402 (+20%റോഡ്) | 2883 (+20%റോഡ്) | 481 |
| | 7/372E | 38.35 GF | 2301 (+20%റോഡ്) | 2762 (+20%റോഡ്) | 461 |
| | 7/372F | 60.79 GF | 3648 (+20%റോഡ്) | 4377 (+20%റോഡ്) | 729 |
| | | | | ആകെ | 6,253 |

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിലും ഒരു കെട്ടിടത്തിന് രണ്ടോ അതിലധികമോ ഉപയോഗങ്ങൾ ഒരേ സമയം ബാധകമാകുമ്പോൾ മാത്രമാണ് പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കാൻ നിഷ്കർഷിച്ചിട്ടുള്ളത്. ഇത് പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണയം നടത്തേണ്ടതാണ്.

മേൽപ്പറഞ്ഞ പ്രകാരം ചട്ടങ്ങൾക്ക് വിരുദ്ധമായി വസ്തുനികുതി നിർണ്ണയം നടത്തിയതിന് വിശദീകരണം ആവശ്യപ്പെട്ട് 04-10-2017 ൽ ഓഡിറ്റ് എൻക്വയറി നമ്പർ 5 നൽകിയതിനെത്തുടർന്ന് ഉയർന്ന നിരക്കിൽ വസ്തുനികുതി പുനർനിർണ്ണയിക്കുകയും ഉടമസ്ഥർക്ക് ഡിമാന്റ് നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്. പുതുക്കിയ വസ്തുനികുതി കുടിശ്ശിക സഹിതം ഈടാക്കി ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

## 2-2 വസ്തു നികുതി ഈടാക്കാത്തത്

സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം 2/270 നമ്പരിലുള്ള കേരള വനം വകുപ്പിന്റെ കീഴിലുള്ള ഫോറസ്റ്റ് റേഞ്ച് ഓഫീസ്, തുണ്ടം റേഞ്ച് എന്ന 120 ച.മീറ്റർ തറ വിസ്തീർണ്ണമുള്ള കെട്ടിടം നികുതി, ഉപനികുതി എന്നിവയിൽ നിന്നും ഒഴിവാക്കപ്പെട്ട കെട്ടിടത്തിന്റെ ഗണത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത രീതിയിൽ വസ്തുനികുതി നിർണ്ണയം നടത്തിയത് മൂലം കെട്ടിടത്തിന്റെ വസ്തുനികുതി ഈടാക്കുവാനായി സാധിച്ചിട്ടില്ല.

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 207 നികുതി, ഉപനികുതി മുതലായവയിൽ നിന്ന് ഒഴിവാക്കൽ- ഉപവകുപ്പ് (1) ൽ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങളുടെ ലിസ്റ്റിൽ പ്രസ്തുത കെട്ടിടം ഉൾപ്പെടുന്നില്ല, ഉപവകുപ്പ് (2) സർക്കാരിനും സർക്കാരിന്റെ അനുവാദത്തോടുകൂടി ഗ്രാമ പഞ്ചായത്തിനും, ആരുടെ ഉടമസ്ഥതയിലുമുള്ള ഏത് വിഭാഗം കെട്ടിടങ്ങളേയും ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരമുള്ള നികുതിയോ, ഉപനികുതിയോ കരമോ നൽകേണ്ടതിൽ നിന്ന് പൂർണ്ണമായോ ഭാഗികമായോ

ഒഴിവാക്കാവുന്നതാണ്. എന്നാൽ ഗവൺമെന്റ് ഉത്തരവുകൾ ഇല്ലാതെ ആകെ 120 ച.മീറ്റർ തറ വിസ്തീർണ്ണമുള്ള പ്രസ്തുത കെട്ടിടത്തിനെ വസ്തുനികുതിയൽ നിന്നും ഒഴിവാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി നം.11 ന് നല്കിയ മറുപടിയിൽ കെട്ടിടത്തിന്റെ ഉപയോഗക്രമം (പാർപ്പിടം/ഓഫീസ്) സംബന്ധിച്ച് വ്യക്തത വരുത്തിയ ശേഷം വസ്തുനികുതി ഈടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ് എന്ന മറുപടി പറഞ്ഞിട്ടുണ്ട്. പ്രസ്തുത കെട്ടിടത്തിന്റെ വസ്തുനികുതി പുനർ നിർണ്ണയം നടത്തി നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 സെന്റേജ് ചാർജ് അധികമായി നല്കി - നഷ്ടം 7923/-

2016-17 വർഷം വിവിധ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി താഴെ പറയും പ്രകാരം 358345 രൂപ എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി, മൂവാറ്റുപുഴയ്ക്ക് നൽകിയിട്ടുണ്ട്.

| പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | തുക | ട്രഷറി ബിൽ നമ്പർ |
|---|---|---|---|
| 146/16-17 | വാർഡ് 4 കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ | 150000 | 22/16-17 21-03-2017 |
| 63/16-17 | ജപ്പാൻ കുടിവെള്ള പൈപ്പ് ലൈൻ പുനസ്ഥാപിക്കൽ | 134000 | 11/16-17 20-12-2016 |
| 148/16-17 | അധികമുള്ള പൊതുടാപ്പുകൾ കട്ട് ചെയ്യൽ | 74345 | 21/16-17 21-03-2017 |
| | ആകെ | 358345 | |

പി.ഡബ്ലിയു.ഡി. മാന്വൽ കേരള വാട്ടർ അതോറിറ്റിക്കും ബാധകമാണ്. എസ്റ്റിമേറ്റിന്റെ 10% സൂപ്പർ വിഷൻ ചാർജ്ജും , എസ്റ്റിമേറ്റ്, പ്ലാൻ എന്നിവയും ചേർത്ത് ആകെ 12.5% സെന്റേജ് ചാർജായി ഈടാക്കാമെങ്കിലും പി.ഡബ്ലിയു.ഡി മാന്വൽ സെക്ഷൻ 1601.4 പ്രകാരം എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ തയ്യാറാക്കുന്നതിനുള്ള സെന്റേജ് ചാർജായ 2.5% തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ഈടാക്കുവാൻ പാടുള്ളതല്ല. ആയതിനാൽ 10% സെന്റേജ് ചാർജായി മേൽ സൂചിപ്പിച്ച മൂന്ന് പ്രോജക്ടിനുംകൂടി 31682/- രൂപ (13246 + 11828 + 6608) നല്കാവുന്നതാണ്. എന്നാൽ മേൽ പ്രോജക്ടുകൾക്ക് 12.5% സെന്റേജ് ചാർജിനത്തിൽ 39605/- രൂപ നൽകിയിട്ടുണ്ട്. തന്മൂലം പഞ്ചായത്തിന് 7923/-രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. ചെലവിന്റെ വിശദവിവരം താഴെ കൊടുക്കുന്നു.

.

| | | |
|---|---|---|
| 1 | വർക്കിംങ് ചാർജ് | 99280 |
| | മെറ്റിരീയൽ വില | 33182 |
| | ആകെ | 132462 |
| | സെന്റേജ് ചാർജ് (12.5%) | 16558 |
| | അൺഫോർസീൻ | 980 |
| | ആകെ | 150000 |
| 2 | വർക്കിംങ് ചാർജ് | 18495 |

| | | |
|---|---|---|
| | മെറ്റിരീയൽ വില | 87120 |
| | റോഡ് റിസ്റ്റോറേഷൻ | 12168 |
| | ആകെ | 118283 |
| | സെന്റേജ് ചാർജ് (12.5%) | 14786 |
| | അൺഫോർസീൻ | 931 |
| | ആകെ | 134000 |
| 3 | വർക്കിംങ് ചാർജ് | 66084 |
| | സെന്റേജ് ചാർജ് (12.5%) | 8261 |
| | അൺഫോർസീൻ | 655 |
| | ആകെ | 75000 |

ആയതിന് വിശദീകരണം ആവശ്യപ്പെട്ട് കൊണ്ട് 28.09.2017ൽ ഒന്നാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നല്കിയതിന് ഡെപ്പോസിറ്റ് വർക്കുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് മുമ്പായി 2.5% സെന്റേജ് ചാർജ് നല്കേണ്ടതില്ലെന്നും എന്നാൽ എസ്റ്റ്മേറ്റ് ഫൈനലൈസ് ചെയ്യുമ്പോൾ 2.5% സെന്റേജ് ചാർജ് നൽകാമെന്നുമാണ് മറുപടി നല്കിയത്. എന്നാൽ മറുപടിയിലെ പരാമർശം ബാധകമായിട്ടുള്ളത് ലോക്കൽ ബോഡികൾക്കും ക്വാസി ഗവൺമെന്റുകൾക്കുമാണ്. തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് ഇത് ബാധകമല്ലെന്ന് പ്രസ്തുത മാന്വലിൽ സെക്ഷൻ 1601.4 – ൽ തന്നെ സൂചിപ്പിച്ചിട്ടുണ്ട്. ആയതിനാൽ സെന്റേജ് ചാർജിനത്തിൽ അധികമായി നല്കിയ 7923/- രൂപ ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നോ ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്

## 3-2 വക്കീൽ ഫീസ് നൽകിയപ്പോൾ നിയമാനുസൃതമായ ആദായനികുതി പിടിച്ചില്ല.

പിണ്ടിമന ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട വിവിധ കേസുകൾ കൈകാര്യം ചെയ്തതിന് അഡ്വ. പി.വി.ബേബിക്ക് 2016-17 വർഷം വക്കീൽ ഫീസ് ഇനത്തിൽ താഴെ പറയും പ്രകാരം 35000 രൂപ നൽകിയിട്ടുണ്ട്.

.

| ക്രമ നമ്പർ | കേസ് നമ്പർ | വൗച്ചർ നമ്പർ | തീയതി | തുക |
|---|---|---|---|---|
| 1 | WP(C) 21090/16 WP(C) 21104/16,<br>WP(C) 21104/16 | 21600453 | 15-10-16 | 21000 |
| 2 | WP(C) 34144/16, Appeal 882/16 | 21600596 | 15-12-16 | 14000 |
| | | | ആകെ | 35000 |

1961 ലെ ആദായനികുതി നിയമം 194 (ജെ) വകുപ്പ് പ്രകാരം പ്രൊഫഷണൽ സേവനങ്ങൾക്കുള്ള പ്രതിഫലമായി ഒരു വർഷം 30000 രൂപയിൽ അധികരിക്കുന്ന തുക നൽകുമ്പോൾ ആദായനികുതിയിനത്തിൽ 10% തുക സ്രോതസ്സിൽ കുറവ് ചെയ്ത് സർക്കാരിലേക്ക് ഒടുക്കുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ അഡ്വ. പി.വി.ബേബിക്ക് മേൽപ്പറഞ്ഞ പ്രകാരം വക്കീൽ ഫീസിനത്തിൽ 35000

രൂപ നൽകിയപ്പോൾ ആയതിന് ബാധകമായ 3500 രൂപ ആദായനികുതി പിടിച്ചിട്ടില്ല.

നിയമാനുസൃതമായ ആദായനികുതി കുറവ് ചെയ്യാതെ വക്കീൽ ഫീസ് നൽകിയതിനാൽ 3500രൂപ കേന്ദ്ര സർക്കാരിന് നഷ്ടമായിട്ടുണ്ട്. ഇത് അഡ്വ. പി.വി.ബേബിയിൽ നിന്നും ഈടാക്കി കേന്ദ്രസർക്കാരിലേക്ക് അടക്കേണ്ടതാണ്.

## 3-3 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല

സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി എന്നിവർ നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിനായി ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | പ്രോജക്ട് നമ്പർ | പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ | ആർക്ക് നൽകി | ട്രഷറി ബിൽ | തീയതി | തുക |
|---|---|---|---|---|---|---|---|
| 1 | 06/17 | IKM വിഹിതം | സെക്രട്ടറി | എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. നന്തൻകോട് | 20/16-17 | 25.02.17 | 30735 |
| 2 | 33/17 | IAY വിഹിതം | അസ്സിസ്റ്റന്റ് സെക്രട്ടറി | സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത്, കോതമംഗലം | 03/16-17 | 18.10.16 | 40000 |
| | | | | | | ആകെ | 70735 |

ഇത് സംബന്ധിച്ച് നല്കിയ 4.10.2017 ലെ 4-ാം നം. ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നത് വരെ 70735/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-4 മരുന്ന് വാങ്ങൽ - ന്യൂനതകൾ

എ) മുഴുവൻ തുകയുടേയും മരുന്ന് ലഭ്യമായില്ല

| ക്രമ നം | പ്രോജക്ട് നം | പേര് | ബിൽ നം | തീയതി | തുക | ആർക്ക് നല്കി |
|---|---|---|---|---|---|---|
| 1 | 29/17 | ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ | 01/16-17 | 06.12.2016 | 50000/ | എം.ഡി ഹോംകോ, ആലപ്പുഴ |
| 2 | 23/17 | ആയുർവേദ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ | 01/16-17 | 23.12.2016 | 350000/- | ഔഷധി ഫാർമസ്യൂട്ടിക്കൽസ് കേരള ലിമിറ്റഡ് |

മേൽ പ്രോജക്ടുകൾ പ്രകാരം യഥാക്രമം ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങുന്നതിനായി 50000/- രൂപയും, ആയുർവേദ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങുന്നതിനായി 350000/- നല്കിയിട്ടുണ്ടെങ്കിലും ഹോമിയോ ആശുപത്രിയിലേക്ക് ആലപ്പുഴ ഹോംകോയിൽ നിന്ന് 31.03.2017 ൽ 38310/- രൂപയുടേയും ആയുർവേദ ആശുപത്രിയിലേക്ക് 16.09.2016, 29.01.2017 തീയതികളിലായി 294339/- രൂപയുടെ മരുന്ന് മാത്രമേ ഔഷധി ഫാർമസ്യൂട്ടിക്കൽസ് കേരള ലിമിറ്റഡ് നല്കിയിട്ടുള്ളൂ.

ഇനിയും ഹോംകോ, ആലപ്പുഴ-യിൽ നിന്നും 11690/-രൂപയുടേയും, ഔഷധി ഫാർമസ്യൂട്ടിക്കൽസ് കേരള ലിമിറ്റഡിൽ നിന്നും 55661/-രൂപയുടേയും മരുന്നുകൾ മേൽ സൂചിത ആതുരാലയങ്ങളിലേക്ക് ലഭിക്കുവാനുണ്ട്. ആയത് അടിയന്തിരമായി ലഭ്യമാക്കുന്നതിനുള്ള നടപടി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സ്വീകരിക്കേണ്ടതാണ്.

ബി) നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റില്ലാതെ സ്വകാര്യ സ്ഥാപനത്തിൽ നിന്നും മരുന്ന് വാങ്ങി

| പ്രോജക്ട്നം | പേര് | ബിൽ നം | തീയതി | തുക |
|---|---|---|---|---|
| 31/17 | മൃഗാശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ | 01/16-17 | 31.01.2017 | 50000/- |

മേൽ സൂചിത പദ്ധതി പ്രകാരം മൃഗാശുപത്രിയിലേക്ക് മരുന്ന് വാങ്ങുന്നതിനായി ക്വട്ടേഷൻ ക്ഷണിക്കുകയും കുറവ് തുക ക്വാട്ട് ചെയ്ത യുണൈറ്റഡ് ഏജൻസീസ് ഫാർമ്മസ്യൂട്ടിക്കൽസ്, കോതമംഗലം എന്ന സ്ഥാപനത്തിൽ നിന്ന് 50000/- രൂപയുടെ മരുന്ന് വെറ്ററിനറി സർജൻ മൃഗാശുപത്രിയിലേക്ക് വാങ്ങിയിട്ടുള്ളതാണ്. ജില്ലയിലെ മൃഗസംരക്ഷണ ഡെപ്യൂട്ടി ഡയറക്ടർ നല്കുന്ന നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഇല്ലാതെയാണ് ഈ വാങ്ങൽ നടപടി വെറ്ററിനറി സർജൻ നടത്തിയിട്ടുള്ളത്. ആയതിനാൽ ആയത് അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ളോക്ക് പഞ്ചായത്ത് | 1,25,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് പഠനസഹായം | 1,25,000 | - |
| ബ്ളോക്ക് പഞ്ചായത്ത് | 4,00,000 | അങ്കണവാടി കെട്ടിട മെയിന്റനസ് | 4,00,000 | - |
| ജില്ലാ പഞ്ചായത്ത് | 60,000 | നെൽകൃഷി വികസനം | 60,000 | - |
| ജില്ലാ പഞ്ചായത്ത് | 1,25,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് പഠനസഹായം | 1,25,000 | - |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നല്കിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ട്രഷറി ബിൽ നം. | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| കേരള വാട്ടർ അതോറിട്ടി | 146/16-17 - വാർഡ് 4 കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ | 22/16-17 21-03-2017 | 1,50,000 | - |
| കേരള വാട്ടർ അതോറിട്ടി | 63/16-17 - ജപ്പാൻ കുടിവെള്ള പൈപ്പ് ലൈൻ പുനഃസ്ഥാപിക്കൽ | 11/16-17 20-12-2016 | 1,34,000 | - |
| കേരള വാട്ടർ അതോറിട്ടി | 148/16-17 - അധികമുള്ള പൊതുടാപ്പുകൾ കട്ട് ചെയ്യൽ | 21/16-17 21-03-2017 | 74,345 | - |
| ആകെ | | | 3,58,345 | - |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

.

## 4-4 വായ്പ / വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്സ് ഭവനപദ്ധതി | GO(Rt)No.849/10/ LSGD തീ.12/3/2010 | 9150000 | 163198 | 163198 | - | - |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 5,572/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം. തീയ്യതി |
|---|---|---|---|---|
| 2015-16 | 2-1(1) | 5000 | മാനേജർ, മാവേലി സ്റ്റോർ | 11601103195/ 9.3.17 |
| 2015-16 | 2-1 (2) | 572 | മരിയ ഇൻഡേൻ ഗ്രാമീൺ മിത്രൻ | 11601103240, 11601103241/ 10.3.17 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 2,88,92,232/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 2,71,77,414/- |
| വരവിനങ്ങളിലുള്ള നഷ്ടം | 6,253/- |
| ചെലവിനങ്ങളിലുള്ളനഷ്ടം/ ഓഡി റ്റിൽ അംഗീകരിക്കാത്ത തുക | 11,423/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 70,735/- |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| | നഷ്ടമായ തുക | | |
|---|---|---|---|
| ഖണ്ഡിക നമ്പർ | വരവ് നഷ്ടം | ചെലവ് നഷ്ടം | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
| 2-1 | 6,253/- | - | ശ്രീ. കെ.എം.സലിം, സെക്രട്ടറി |
| 3-1 | - | 7,923/- | ശ്രീ. കെ.എം.സലിം, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | (1) 30,735/-<br>(2) 40,000/- | ശ്രീ. കെ.എം.സലിം, സെക്രട്ടറി<br>ശ്രീമതി. ജയശ്രീ ആർ, അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ | 70,735/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 3,500/- | ശ്രീ. കെ.എം.സലിം, സെക്രട്ടറി |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | കുറിപ്പുകൾ |
|---|---|---|
| 1988-89 | എൽ.എഫ്.ഇ.പി1 -866/93/28.12.93 | |
| 1989-90 | എൽ.എഫ്.ഇ.പി1- 866/93/28.12.93. | |
| 1996-97 | എൽ.എഫ്.ഇ.പി-1 -992/98/6.4.99 | |
| 1997-98 | എൽ.എഫ്.ഇ.പി1-1507/99/15.07.2000 | |

| | | |
|---|---|---|
| 1998-99 | എൽ.എഫ്.ഇ.പി1-1173/03/4.09.2003 | |
| 1999-2000 | എൽ.എഫ്.ഇ.പി1-1218/04/4.5.2005 | |
| 2000-01 | എൽ.എഫ്.ഇ.പി1 -1218/04/4.5.2005 | |
| 2001-02 | എൽ.എഫ്.ഇ.പി1- 918/05/20.08.06 | |
| 2002-03 | എൽ.എഫ്.ഇ.പി1 .1819/08/17.11.09 | |
| 2003-04 | എൽ.എഫ്.ഇ.പി7-241/12/4.9.12 | |
| 2004-05 | എൽ.എഫ്.ഇ.പി7-240/12/4.9.12 | |
| 2005-06 | എൽ.എഫ്.ഇ.പി7-239/12/4.9.12 | |
| 2006-07 | എൽ.എഫ്.ഇ.പി7-238/12/4.9.12 | |
| 2007-08 | എൽ.എഫ്.ഇ.പി7-237/12/4.9.12 | |
| 2008-09 | എൽ.എഫ്.ഇ.പി7-136/13/11.2.13/14.3.13 | |
| 2009-10 | എൽ.എഫ്.ഇ.പി7-306/11/8.8.2011 | |
| 2010-11 | എൽ.എഫ്.ഇ.പി7-136/11/11.2.13/14.3.13 | |
| 2011-12 , 2012-13 | എൽ.എഫ്.ഇ.പി7-1322/14/13.10.14/12.12.14 | |
| 2013-14 , 2014-15 | കെ.എസ്.എ.ഇ.കെ.എം(പി7)1107/16/08.07.2016 | |
| 2015-16 | കെ.എസ്.എ.ഇ.കെ.എം(പി1)40/2017/12.01.17 | |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടിലെ തടസ്സങ്ങൾ തീർപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

.

# അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

അനുബന്ധം 1

നം. കെ.എസ്.എ -ഇ.കെ.എം (പി.7) 2105/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട്- 682 030
ഫോൺ 0484-2422271
ഇ-മെയിൽ- doekm.ksad@kerala.gov.in
തീയതി: 10.11.2017

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ പിണ്ടിമന ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ പിണ്ടിമന ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം

APPENDIX 1

No. KSA-EKM (P.7) -2105/17

Kerala State Audit Department,
District Audit Office, Ernakulam.
Civil Station, Kakkanad-682 030
Phone:- 0484-2422271
E-mail:- doekm.ksad@kerala.gov.in
Date: 10.11.2017

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of PINDIMANA Grama Panchayat in Ernakulam District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of Panchayats.

In my opinion, the Financial Statement of PINDIMANA Gramapanchayat for the year 2016-17 properly presents the picture of income and expenditure.

Deputy Director
Kerala State Audit Department
Ernakulam